**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4941** — **14-03-2023 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി ഗ്രാമ പഞ്ചായത്തിലെ തീരദേശ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം-കാസർകോഡ് തീരദേശ പാതയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമ പഞ്ചായത്തിലൂടെ കടന്നു പോകുന്ന റോഡിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഉൾപ്പെട്ട മണലൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശപാത (Ch 32/140 to 35/840) ചിലങ്ക ബീച്ച്, വാടാനപ്പള്ളി ബീച്ച്, ഗണേശമംഗലം ബീച്ച്, പൊക്കാഞ്ചേരി ബീച്ച് തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോകുന്നു. |
| (ബി) | പ്രസ്തുത പാതയ്ക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് നൽകുന്ന നഷ്ടപരിഹാര പാക്കേജ് വിശദമാക്കാമോ; | (ബി) | തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കൽ 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (THE RIGHT TO FAIR COMPENSATION AND TRANSPARECNY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013.) നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തിയാണ് മുന്നോട്ട് പോകുന്നത്. അതിന് പുറമെ തിരദേശ ഹൈവേയുടെ പുനരധിവാസ, പുനസ്ഥാപന പ്രവർത്തനങ്ങളുടെ SPV ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്പ്മെന്റ് കോർപറേഷൻ (KSCADC) നെ നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC യുടെ നേതൃത്വത്തിൽ സാമൂഹിക സർവ്വേ നടന്നു വരുന്നു. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | മണലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പാതയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ റോഡ് നിർമ്മാണം പ്രവൃത്തികളുടെ ഇതുവരെയുള്ള പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | 15/06/2022-ന് തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും തുടർനടപടികൾക്കായി കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (LA) യെ നിയമിക്കുകയും ചെയ്തു. പ്രവൃത്തിയുടെ Contigency Chargeആയ 50 ലക്ഷം രൂപ 04/11/2022-ൽ കിഫ്ബി സ്പെഷ്യൽ തഹസിൽദാർ (LA) യ്ക്ക് കൈമാറിയിട്ടുണ്ട്. മണലൂർ മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | Ch.35/840 മുതൽ Ch33/265 വരെ അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. Ch 33/265 മുതൽ Ch.32/140 വരെയുള്ള പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ